Written Answers

National Savings Scheme

856. [25] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സെപ്റ്റംബർ മുപ്പതാം തീയതിവരെ നാഷണൽ സേവിംഗ്സ് സ്കീം അനുസരിച്ച് സ്റ്റേറ്റിൽ ആകെ ലഭിച്ച തുകയെത്ര ?

(ബി) ഓരോ ജില്ലയിലും ലഭിച്ച മൊത്തസംഖ്യ എത്ര :

(സി) പാലക്കാട്ട് ജില്ലയിൽ ചില മാസത്തിൽ Savings നേക്കാളധികം withdrawals ഉണ്ടാകാറുണ്ടോ ;

(ഡി) എങ്കിൽ ഇത്തരമൊരു സ്ഥിതിഗതി ഉണ്ടായതിനെ തടയുവാൻ ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 90·17 ലക്ഷം രൂപ.

(ബി) ഈ സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ അവസാനം വരെ ഓരോ ജില്ലയിലും പിരിച്ച തുക താഴെ കാണിച്ചിരിക്കുന്നു.

തിരുവനന്തപുരം	10·98 ലക്ഷം രൂപ
കൊല്ലം	5·79 ,,
കോട്ടയം	6·47 ,,
ആലപ്പുഴ	6·03 ,,
എറണാകുളം	7·19 ,,
തൃശ്ശൂർ	9·25 ,,
പാലക്കാട്	7·88 ,,
കോഴിക്കോട്	9·91 ,,
കണ്ണൂർ	6·67 ,,

(സി) ഈ വർഷം ജൂലൈ മാസത്തിൽ ഉണ്ടായിട്ടുണ്ട്.

(ഡി) തുടർന്നുള്ള മാസങ്ങളിൽ സ്ഥിതി മെച്ചപ്പെട്ടിട്ടുള്ളതിനാൽ പ്രത്യേക നടപടിയൊന്നും ആവശ്യമില്ല.

ചൈൽഡ് വെൽഫയർ കൌൺസിൽ അംഗങ്ങൾ.

857. [29] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൈൽഡ് വെൽഫയർ കൗൺസിൽ അംഗങ്ങൾ ആരെല്ലാമാണ് ?

(ബി) ഈ കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.† സാധാരണ അംഗങ്ങളുടെ പേരുവിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളൂ.

(ബി) സംസ്ഥാനത്തെ ശിശുക്ഷേമം കൂടുതൽ വ്യാപകമാക്കുന്നതിനു സഹായകമാകാവുന്ന പദ്ധതികൾ ഏതെങ്കിലും സമിതിയുടെ വിവിധ ശാഖകൾ മുഖേന ആവിഷ്ക്കരിക്കുകയോ, ഏറ്റെടുക്കുകയോ ചെയ്യുക. അതിന്റെ പ്രയോജനം ശിശുക്കൾക്കു ലഭ്യമാക്കിത്തീർക്കുക, ശിശുക്ഷേമം സംബന്ധിച്ചു ശാസ്ത്രീയമായ വിജ്ഞാനവും, അറിവും ജനതാമദ്ധ്യത്തിൽ പ്രചരിപ്പിച്ചു പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനു സഹായിക്കുക, ശിശുക്ഷേമം സംബന്ധിച്ചു ദേശീയമായ സ്വഭാവം ഉണ്ടാക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും വേണ്ട സംഗതികളിൽ അനുയോജ്യമായ നിയമനിർമ്മാണം നടപ്പിലാക്കുക എന്നിവയാണ് ഈ കൗൺസിലിന്റെ പ്രവർത്തനങ്ങൾ. പൂർണ്ണവിവരങ്ങളടങ്ങിയ ഒരു പട്ടിക ഇതിനോടനുബന്ധിച്ചിട്ടുണ്ട്. †

†Appendix III

LIBRARY ARCHIVES Kerala Legislative Assembly